ചീക്കോട് കുടിവെള്ള പദ്ധതി

196(897) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്ന് രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേക്ക് വെള്ളം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജലവിതരണത്തിനായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് എത്രയും വേഗം അനുമതി നൽകുമോ?

ഉത്തരം

(എ) രാമനാട്ടുകര മുനിസിപ്പാലിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലേയ്ക്ക് വെള്ളം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) രാമനാട്ടുകര മുനിസിപ്പാലിറ്റി നിലവിൽ വരുന്നതിനുമുമ്പ് രാമനാട്ടുകര പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേയ്ക്കും ജലവിതരണം നടത്തുന്നതിന് ഒരു പ്രൊപ്പോസൽ എസ്.എൽ.എസ്.എസ്.സി.യിലേയോ നബാർഡിന്റെയോ ധനസഹായത്തിനായി പരിഗണിച്ചിരുന്നുവെങ്കിലും പദ്ധതി പ്രദേശം ഇപ്പോൾ മുനിസിപ്പാലിറ്റിയായതിനാൽ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

(സി) രാമനാട്ടുകര മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഒരു ശ്രദ്ധജലവിതരണ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

197(898) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്ന് പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ ജല വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനായി ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രവൃത്തിക്കുള്ള ഫണ്ട് എങ്ങനെയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽനിന്നും പെരുമ്പുഴ, ചെറുവണ്ണൂർ, കടലുണ്ടി പ്രദേശത്ത് എന്നുമുതൽ ജലവിതരണം ആരംഭിക്കുവാനാവും എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly